# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1580 05.12.14-ൽ മറുപടി പറയേണ്ടത്

### പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ച നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.ബഹു:നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| (എ)കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിന്നും വിരമിച്ച ഡോ.കെ.സുമയുടെ പെൻഷൻ ആനുകൂല്യങ്ങൾ നഗരസഭ നടപ്പിലാക്കിയ നേത്ര ചികിത്സാ ക്യാമ്പിന്റെ പേരിൽ 3 വർഷമായി തടഞ്ഞുവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ; | (എ) | 2009-10 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലും എ.ജി.ഓഡിറ്റ് റിപ്പോർട്ടിലും 53,419/-രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത് മാർഗ്ഗരേഖയ്ക്കു വിരുദ്ധമായതിനാൽ ഓഡിറ്റ് തടസ്സത്തിൽ വച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നേത്ര ചികിത്സാ ക്യാമ്പിന് ചെലവാക്കിയ പ്ലാൻ ഫണ്ടിന് പകരം തനത് ഫണ്ട് സർക്കാരിലേക്കടയ്ക്കാൻ മുനിസിപ്പാലിറ്റി തീരുമാനിക്കുകയും അനുമതിയ്ക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടോ ; | (ബി) | അന്ധതാ നിവാരണ പരിപാടി എന്ന പ്രോജക്റ്റിന് വികസന ഫണ്ടിൽ നിന്നും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചതിനു തുല്യമായ തുകയായ 53419/- രൂപ തനതുഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്ന് സർക്കാർ നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. |
| (സി) ഇതു സംബന്ധിച്ച അനുമതി മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ടോ ; | (സി) | |
| (ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് നടപ്പിലാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റേയും മുനിസിപ്പൽ തീരുമാനങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ ? | (ഇ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

കേരള സർക്കാർ

നം.70764/എസി3/11/തസ്വഭവ.

തദ്ദേശസ്വയം ഭരണ (എസി) വകുപ്പ്,
തിരുവനന്തപുരം,
തീയതി:24.12.13

ഗവ. സെക്രട്ടറി.

സെക്രട്ടറി,
നഗരസഭാ കാര്യാലയം,
കൊയിലാണ്ടി - 673 305.

സർ,

വിഷയം - തസ്വഭവ - കൊയിലാണ്ടി നഗരസഭ - അന്ധതാ നിവാരണ പരിപാടി - പ്രോജക്ട് നം.323/09-10 – എ.ജി യുടെ ആഡിറ്റ് തടസ്സം - സംബന്ധിച്ച്.

സൂചന:- 1. താങ്കളുടെ 10.10.11-ലെ G3-13156/11 നമ്പർ കത്തുകൾ.

2. നഗരകാര്യ ഡയറക്ടറുടെ 30.11.11-ലെ എഫ്3-16027/2011 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2009-10 വർഷത്തെ അന്ധതാ നിവാരണ പദ്ധതി (പ്രോജക്ട് നം.323/09-10) എന്ന പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചതിന് തുല്യമായ തുകയായ 53419/- രൂപ (അൻപത്തിമൂവായിരത്തി നാനൂറ്റി പത്തൊൻപത് രൂപ) തനത് ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടയ്ക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
എം.എസ്.റഷീദ,
അണ്ടർ സെക്രട്ടറി,
സെക്രട്ടറിക്ക് വേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ

9-11 അനുബന്ധം II

# കൊയിലാണ്ടി നഗരസഭ

☎ Office: 0496 - 2620244, 2620881, Fax: 2620881

## നഗരസഭാ കൗൺസിലിന്റെ 15.03.2013 ലെ നടപടിക്രമങ്ങൾ

XXXX XXXX XXXX XXXX XXXX XXXX

അജണ്ട 27. G3-260/12 (G3-13156/11)

2009-10 ലെ എ.ജി. ഓഡിറ്റ് റിപ്പോർട്ട്

PARA III പ്രകാരവും 2009-10 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് 3-17 പ്രകാരവും അന്ധതാ നിവാരണ പദ്ധതിക്ക് ₹ 53,419/- സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ചെലവഴിച്ചത് സാധൂകരണത്തിനായി സർക്കാറിന്റെ സാധൂകരണം വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. അന്ധതാ നിവാരണ പദ്ധതിക്ക് മരുന്ന്, കണ്ണട, ഭക്ഷണം എന്നിവക്ക് തുക ചെലവഴിച്ചത് ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകരിച്ച് നടപ്പിലാക്കിയ പദ്ധതി ആയതിനാൽ മേൽ പദ്ധതിക്ക് ചെലവഴിച്ച ₹ 53,419/- ന് സാധൂകരണത്തിന് സർക്കാറിലേക്ക് അപേക്ഷ അയക്കണമെന്ന വിഷയം കൗൺസിൽ മുമ്പാകെ.

XXXX XXXX XXXX XXXX XXXX XXXX
XXXX XXXX XXXX XXXX XXXX XXXX

തീരുമാനം 27.

അന്ധതാ നിവാരണ പദ്ധതി 2009-10 ₹ 53,419/- ന് സാധൂകരണം വാങ്ങാൻ തീരുമാനിച്ചു.

XXXX XXXX XXXX XXXX XXXX XXXX

(ഒപ്പ്)
ചെയർപേഴ്സൺ,
കൊയിലാണ്ടി നഗരസഭ.

നഗരസഭാ കാര്യാലയം,
കൊയിലാണ്ടി, 15.03.2013.

// ശരിപ്പകർപ്പ് //

Sd/-
സെക്രട്ടറി
കൊയിലാണ്ടി നഗരസഭ

(signature)
സെക്ഷൻ ഓഫീസർ